# <u>Influence of information on Mobility.</u>

എഴുതാനും വായിക്കാനും അറിയാത്തവർ പോലും നല്ല കുടുംബ ജീവിതം നയിക്കുന്നു. ഒരു സ്ത്രീയുടെ വിവരം (അറിവ്) അവരുടെ ചലനാത്മകതയെ എങ്ങനെ ബാധിക്കും? പഴയ കാലത്ത് അറിവ് കരസ്ഥമാക്കാൻ സ്ത്രീയെ അനുവദിച്ചിട്ടില്ല. അതിനാൽ അടുക്കളയിൽ മാത്രം ഒതുങ്ങിക്കൂടി അടിമകളായി കഴിഞ്ഞിരുന്നു. എന്നാൽ കാലം മാറി വന്നതനുസരിച്ച് സ്ത്രീകൾ വിവിധങ്ങളായ അറിവ് സമ്പാദിച്ചു. അതിനനുസരിച്ച് അവൾ മാനസികവും സാമൂഹികവും ശാരീരികവുമായ മാറ്റത്തെപ്പറ്റി ചിന്തിച്ചു തുടങ്ങി. ജീവിത സാഹചര്യം മാറിയതു കൊണ്ട് അവളുടെ ആവശ്യങ്ങളും വളർന്നു. അവൾ സഞ്ചാരവും ശീലമാക്കി. അതു കൊണ്ടു തന്നെ പല മേഖലകളിൽ പ്രവർത്തിക്കുന്നവരുമായി സൗഹൃദം സ്ഥാപിക്കുവാനും പല സംസ്കാരങ്ങളും അറിവുകളും പങ്കു വയ്ക്കുവാനും കഴിയുന്നു. ഇത് അവളുടെ മാനസീകമായ ചലനമാണ്. അനുഭവങ്ങൾ അറിവ് നേടിത്തരുന്നു. അറിവുള്ളവരുമായി സഹകരിക്കുമ്പോഴും നമുക്ക് നേട്ടങ്ങളുണ്ടാക്കാൻ കഴിയുന്നു. പരമ്പരാഗതമായി കൈമാറി വരുന്ന അറിവുകൾ നേടാൻ കഴിയുന്നു. അറിവാണ് എല്ലായ്പ്പോഴും ചിന്തകളെ സ്വാധീനിക്കുന്നത്. എല്ലാ ചലനത്തിനും എല്ലാ മാറ്റത്തിനും അറിവിന്റെ സ്വാധീനം വലുതാണ്.

- അറിവ് നമുക്ക് അമ്മയുടെ മുലപ്പാൽ നുണഞ്ഞു തുടങ്ങുന്നതു മുതൽ ആരംഭിക്കുന്നു.
- അമ്മ പ്രകൃതിയിലെ വിഭവങ്ങൾ ചൂണ്ടിക്കാട്ടി സൂക്ഷ്മ തത്വങ്ങൾ പഠിപ്പിച്ചു തരുന്നു.

ഉദാ: രാത്രി പകൽ വ്യത്യാസങ്ങൾ, സൂര്യ ചന്ദ്രൻമാർ, കൂടാതെ രാത്രിയെ പേടിക്കുവാൻ കൂടി ചെറുപ്രായത്തിൽത്തന്നെ പറഞ്ഞു തരുന്നു.

- സ്കൂളിൽ പോയി തുടങ്ങുമ്പോൾ കൂട്ടുകാരിൽ നിന്നും ആ കുടുംബങ്ങളിലെ വിശേഷങ്ങൾ നമ്മളറിയുന്നു. അദ്ധ്യാപകരുടെ സ്വാധീനവും നമ്മുടെ അറിവിനെ വളർത്തുന്നു.
- ഇടപെടലുകളും വായനയും സഞ്ചാരവും നമ്മുടെ അറിവിനെ വിപുലപ്പെടുത്തുന്നു. നിർഭാഗ്യകരമെന്നു പറയട്ടെ, സാധാരണ സ്ത്രീകൾ, കീഴാളർ, തൊഴിലാളികൾ, ദളിതർ, ആദിവാസികൾ തുടങ്ങിയ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട പൗരൻമാർക്ക് ശരിയായ അറിവ് ലഭിക്കുന്നില്ല.

ഉദാ:

a) സ്ത്രീകൾ - 10-ാം ക്ലാസ്സ് വരെ പഠിച്ച സ്ത്രീകൾ വിവാഹിതയും കുട്ടികളുടെ മാതാവും ആയിരിക്കും. എന്നാൽ അന്ധ വിശ്വാസത്തിൽ നിബിഡമായ അറിവില്ലായ്മ അവരെ ഭരിക്കുന്നു.

b) തൊഴിലാളി സ്ത്രീകൾ അറിവില്ലാത്തതു കൊണ്ട് അവർ അവരുടെ അവകാശങ്ങൾ അറിയുന്നില്ല. ജോലി സ്ഥലത്തു കിട്ടേണ്ട പരിരക്ഷയെക്കുറിച്ചും അവർ അജ്ഞരാണ്.

- മതപരമായ ആചാരങ്ങളും വിശ്വാസങ്ങളും നമുക്ക് അറിവ് നൽകുന്നുണ്ട്. എന്നാൽ തെറ്റായ ആചാരങ്ങളും വിശ്വാസങ്ങളും അധോഗതിയിലേക്ക് നയിക്കുന്നു.
- അറിവിന്റെ നേടലും പ്രയോഗവും ശരിയായ രീതിയിൽ ആയിരിക്കണം. പത്രം, മാസികകൾ, വാരിക (80തുകളിലെ "മാ" പ്രസിദ്ധീകരണം) റേഡിയോ, ദൃശ്യ മാധ്യമങ്ങൾ - ഇന്ന് കമ്പ്യൂട്ടറിൽ വരെ എത്തി നിൽക്കുന്നു. ഈ മേഖലയിൽ നിന്നെല്ലാം അറിവിന്റെ ഭണ്ടാരം തന്നെ നമ്മിൽ എത്തുന്നു. എന്നാൽ ഇതിൽ നിന്നും കിട്ടുന്ന അറിവ് നമ്മുടെ ചിന്തകളിൽ വരികയും അവിടെ ചലനം സൃഷ്ടിക്കാനും കഴിയുന്നില്ല.

  ഉദാ: നല്ല സിനിമ, ഗാനം നമ്മളിൽ മാറ്റത്തിന്റെ അലയൊളി സൃഷ്ടിക്കാൻ ഉതകുമെങ്കിലും അത് താല്ക്കാലികം മാത്രം.
- നമ്മുടെ ചിന്തകളിൽ മാറ്റം വരുത്തുവാൻ പര്യാപ്തമായ നവീന അറിവുകൾ നമ്മിൽ നിലനിൽക്കുകയും മറ്റുള്ളവരിലേക്കും പകരുവാൻ ഇടയാക്കുകയും വേണം.
- കേരളത്തിലെ നാല്പതു കഴിഞ്ഞ അമ്മമാർ/സ്ത്രീകൾ ക്ലാസ്സിലൂടെ /പരിശീലനത്തിലൂടെ/ കൂടിയിരുപ്പിലൂടെ/ പരസ്പരം സംവേദിക്കാൻ കഴിഞ്ഞു. ഇത് ഒരു വലിയ മാറ്റത്തിന്റെ തുടക്കം ആണ്. അവർ സ്ത്രീ ശക്തി പോർട്ടൽ / അഥവാ കമ്പ്യൂട്ടറിന്റെ ഉപയോഗകർ വരെയായി. തൊഴിലുറപ്പിലൂടെയോ / മറ്റു തരത്തിലോ ലഭിക്കുന്ന തുക ബാങ്കുകളിൽ നിന്ന് ATM വഴി എടുക്കാൻ വളർന്നു. ശാസ്ത്ര സാങ്കേതിക വിശങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കുവാനും പ്രയോഗിക്കാനും നമുക്ക് കഴിയുന്നു. അതുപോലെ മൊബൈൽ ഫോൺ ഇന്ന് സർവ്വ സാധാരണമാണ്. മുകളിൽ പറഞ്ഞ കാര്യങ്ങൾ നമ്മുടെ നേട്ടങ്ങൾ ആണ്.

## മാറ്റങ്ങൾ വേണ്ടത്.

- പുറത്തെ പ്രശ്നങ്ങളിൽ ബേജാറാകുമ്പോൾ എളുപ്പം പരിഹരിക്കാൻ കഴിയുന്നതിനെ വിട്ടു പോകുന്നു.
- സ്ത്രീകൾ കൂടുതലും മരണാനന്തര സൗഭാഗ്യത്തിൽ വിശ്വസിക്കുമ്പോൾ ഇഹലോകത്തെ പ്രാരാബ്ധത്വത്തെ അറിഞ്ഞു കൊണ്ടു തന്നെ അംഗീകരിക്കുന്നു. വളരെ ആഴത്തിൽ അവരെ ബോധവതികളാക്കണം.
- നമുക്ക് ചിന്തിക്കാനും ചിന്തകളെ സഞ്ചാരപഥങ്ങളിലും സഞ്ചാരഭാവങ്ങളിലും സന്നിവേശിപ്പിക്കാൻ കഴിയണം.
- അറിവ് പൊതു പ്രവർത്തനങ്ങളിൽ ഇടപെടാൻ നമ്മളെ പ്രാപ്തമാക്കുന്നു.
- പുസ്തകങ്ങളിൽ നിന്നും കിട്ടുന്നതിനേക്കാൾ - താഴെതട്ടിൽ പ്രയോഗികതയിൽ നിന്നും ലഭിക്കുന്ന അറിവിന് വൻപിച്ച മാറ്റം ഉണ്ടാക്കാൻ കഴിയും.

മാറണം മാറണം മാറ്റിമറിക്കണം

അറിവ് - ചിന്ത - ചലനം.